**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 440** **21-03-2025 - ൽ മറുപടിയ്ക്ക്**

**സേഫ് ടു ഈറ്റ് മാംസോൽപ്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാംസാഹാരത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മാംസത്തിന്റേയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. മാംസാഹാരത്തിന്റെ ഭാഗമായി കോഴിയിറച്ചിയുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കോഴിയിറച്ചിയുടെയും, അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത മനസിലാക്കി പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കോൺട്രാക്ട്-കുടുംബശ്രീ ഫാമിംഗ് പദ്ധതിയിലൂടെ വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഗുണമേന്മ പരിശോധന നടത്തി ഗുണമേന്മയുള്ളതും, സംശുദ്ധവുമായ കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി മിതമായ വിലയ്ക്ക് വിപണനം നടത്തിവരുന്നു.<br><br>മൃഗസംരക്ഷണ വകുപ്പിനു കീഴിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ മാംസത്തിന്റെയും അവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ നിയമവും, മൃഗങ്ങളോടുള്ള ക്രൂരത നിരോധന നിയമവും മറ്റു ക്വാളിറ്റി സ്റ്റാൻഡേർഡുകളും കൃത്യമായി പാലിച്ച് മാംസവും മാംസ ഉൽപന്നങ്ങളും ഉൽപാദിപ്പിച്ച് വിപണനം നടത്തി വരുന്നു.** |
| (ബി) | ഇതിന്റെ ഭാഗമായി പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും സർട്ടിഫിക്കേഷനും | (ബി) | **ഉണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കോഴിയിറച്ചിയുടെയും, കോഴിയിറച്ചി** |

| | | | |
|---|---|---|---|
| | ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | **ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഗവണ്മെന്റ് അനലിസ്റ്റ് ലാബിൽ നിന്നും ലഭിച്ചിട്ടുണ്ട്.**<br><br>**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉൽപന്നങ്ങളുടെ ഗുണനിലവാരവും സർട്ടിഫിക്കേഷനും ഉറപ്പാക്കുന്നതിന് FSSAI, ISO22000:2018, HACCP എന്നീ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്.** |
| (സി) | സേഫ് ടു ഈറ്റ് മാംസോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | **സേഫ് ടു ഈറ്റ് മാംസോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ മാംസ സംസ്കരണശാല വഴി മണിക്കൂറിൽ 200 കോഴികളെ ശാസ്ത്രീയമായി സംസ്കരിച്ചു വരുന്ന ഒരു പ്ലാന്റ് തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ കൊല്ലം ജില്ലയിൽ കോട്ടുക്കലിൽ മണിക്കൂറിൽ 1000 കോഴികളെ വരെ ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുവാൻ ശേഷിയുള്ള പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.**<br><br>**കൂടാതെ, സേഫ് ടു ഈറ്റ് മാംസോൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ. സൈ്വൻപ്ലാന്റ്, ബൊവൈൻ പ്ലാന്റ്, റെൻഡറിംഗ് പ്ലാന്റ് ഇവ ഉൾക്കൊള്ളുന്ന ഒരു മോഡേൺ അബയറ്റർ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ആസ്ഥാനമായ ഇടയാറിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപരിയായി കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിൽ ഒരു അത്യാധുനിക മൂല്യവർദ്ധിത ഇറച്ചി ഉല്പന്ന നിർമ്മാണ-സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത സ്ട്രാറ്റജിക് പ്ലാനിൽ വനിതാ സംരംഭകർക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | **ഉദ്ദേശിക്കുന്നുണ്ട്.**<br><br>**കൊല്ലം ജില്ലയിൽ കോട്ടുക്കലിൽ മണിക്കൂറിൽ 1000 കോഴികളെ വരെ ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുവാൻ ശേഷിയുള്ള പ്രോസസ്സിംഗ് പ്ലാന്റ് നിലവിൽ വരുന്നതോടു കൂടി വനിതാ സംരംഭകർക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ